# നന്മകൾ നിറഞ്ഞ റമദാനിന് സ്വാഗതം

[Malayalam]

أهلاً يا رمضان!

[ باللغة مليالم ]


കബീർ എം. പറളി

إعداد : محمد كبير سلفي

എഡിറ്റർ: സുഫ്‌യാൻ അബ്ദുസ്സലാം

مراجعة : سفيان عبد السلام



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്
റബ്‌വ - റിയാദ് - സൗദി അറേബ്യ

المكتب التعاوني للدعوة وتوعية الجاليات بالربوة بمدينة الرياض

المملكة العربية السعودية

islamhouse.com

1430 — 2009

بسم الله الرحمن الرحيم

വിശ്വാസികൾക്ക് ആരാധനകളിൽ കൂടുതൽ നിമഗ്നരാകാൻ അല്ലാഹു ചില അവസരങ്ങളെ പ്രത്യേകം സൃഷ്ടിച്ചു വെച്ചിട്ടുണ്ട്. മാസങ്ങളായും, ദിവസങ്ങളായും, സമയങ്ങളായും ലഭിക്കുന്ന അത്തരം അവസരങ്ങളെ വിശ്വാസികൾ എന്നും കാത്തിരിക്കാറുണ്ട്. വിശുദ്ധ റമദാൻ അങ്ങനെയുള്ള ഒന്നാണ്. നന്മകൾ പൂത്തുലഞ്ഞു നിൽക്കുന്ന മേന്മയാർന്ന കാലം. 'നന്മയോട് കൊതിയുള്ളവരേ നിങ്ങൾക്ക് സ്വാഗതം. തിന്മയോട് ആഭിമുഖ്യമുള്ളവരേ മതിയാക്കുക'[1] എന്ന ആഹ്വാനം തുടിച്ചുനിൽക്കുന്ന കാലം.

ഈ വിശുദ്ധ മാസത്തിലെ നിറവാർന്ന പുണ്യവും വിലയേറിയ പ്രതിഫലവുമറിഞ്ഞ നമ്മുടെ പൂർവികർ മാസങ്ങൾക്കു മുമ്പെ പ്രാർഥിക്കുമായിരുന്നു; നാഥാ ഞങ്ങളെ നീ റമദാനിലെത്തിക്കേണമേ എന്ന്. കഴിഞ്ഞ റമദാൻ പിന്നിട്ടപ്പോൾ അടുത്ത റമദാൻ കാണാനാകുമൊ എന്ന് ആശങ്കിച്ചവർ, ഈ റമദാനിന്റെ പുണ്യത്തിൽ പങ്കെടുക്കാനാകുമ്പോൾ അനുഭവിക്കുന്ന മാനസികോല്ലാസം അനിർവചനീയമാണ്.

റമദാൻ വിശ്വാസിയുടെ പ്രതീക്ഷയാണ്. പ്രാർഥനയാണ്. ഹൃദയത്തെ കഴുകിയുണക്കാനുള്ള പ്രേരണയാണ്. ഈ മാസത്തിന്റെ ഗുണവും മണവുമറിയാത്തവൻ ജീവിതത്തിൽ ഭാഗ്യം കെട്ടവനാണ്. വിശുദ്ധിയുടെ വിഹായസ്സിലേക്കുയരാൻ, ജീവിത ക്ലേശങ്ങളുടെ വിയർപ്പു കണങ്ങൾ തുടച്ചു മാറ്റാൻ, പാപത്തിന്റെ മാറാലകൾ അടിച്ചുതെളിച്ച് നന്മയുടെ പ്രകാശനാളം ഹൃദയത്തിൽ കൊളുത്തി വെക്കാൻ റമദാനിന്റെ നാളുകളെ ഉപയോഗപ്പെടുത്താത്തവൻ ഭാഗ്യം കെട്ടവനല്ലെങ്കിൽ പിന്നെയാരാണ്!

സച്ചരിതഹൃദയർ റമദാനിന്റെ ആഗമനത്തിൽ ആനന്ദത്തിലാണ്. റമദാനിലെ നോമ്പ് അവരുടെ ജീവിതത്തിൽ അത്രകണ്ട് പുതുമകൾ നൽകും എന്നതു കൊണ്ടാണത്. അല്ലാഹുവും അടിമയും തമ്മിലുള്ള രഹസ്യബന്ധമാണ് നോമ്പ്. അതിലെ വിശപ്പും, ദാഹവും വിശ്വാസികൾക്ക് പഥ്യമാണ്. അതിലെ വിധികളും വിലക്കുകളും അവർക്ക് പ്രിയമാണ്. എന്തുകൊണ്ടെന്നാൽ, പഠിച്ചെടുത്ത ആത്മാർഥതയുടെ സമ്പൂർണ്ണമായ ആവിഷ്കാരമാണ് നോമ്പ്.

പടച്ചവനു വേണ്ടിയുള്ള വ്രതം, പടച്ചവൻ തന്നെ പ്രതിഫലം നൽകുന്ന വ്രതം! അല്ലാഹു അറിയിച്ചത് പ്രവാചകൻ നമ്മെ ഇങ്ങനെ പഠിപ്പിച്ചു:

''ആദം സന്തതികളുടെ എല്ലാ കർമ്മങ്ങളും അവന്നുള്ളതാണ്. എന്നാൽ നോമ്പ് എനിക്കുള്ളതാണ്. ഞാനാണവന് പ്രതിഫലം നൽകുന്നത്. (ബുഖാരി).[2] വ്രതത്തിൽ വിശ്വാസീ വിശ്വാസിനികൾ കാണിക്കുന്ന, ലോകമാന്യം കടന്നുവരാത്ത ഇഖ്ലാസിന്റെ മർമ്മത്തെ ചൂണ്ടിയുള്ള പ്രസ്താവനയാണിത്.

നോമ്പ് ഹൃദയത്തെ കഴുകുന്നു. അത് ആദരണീയമാ, പവിത്രമായ ഇസ്ലാമിക ഗുണങ്ങൾ നൽകുന്നു. തന്റെ അകവും പുറവുമിറയുന്ന റബ്ബിന്റെ മുന്നിൽ, ജീവിത സാഹചര്യങ്ങൾ വരുത്തിത്തീർത്ത തെറ്റുകുറ്റങ്ങളേറ്റു പറഞ്ഞ് പശ്ചാത്തപിക്കാനുള്ള മനസ്ഥിതിയേകുന്നു. വിശ്വാസവും പ്രതിഫലേച്ഛയും ഉൽച്ചേർന്ന വ്രതത്തിൽനിന്ന് വിശ്വാസിക്ക് പാപമോചനമാണ് ലഭിക്കുക[3] എന്ന അധ്യാപനം ലോകഗുരു(ﷺ) നമ്മെ പഠിപ്പിച്ചിട്ടുള്ളതാണ്.

ഈ വിശുദ്ധ മാസത്തിൽ സ്വർകവാടങ്ങൾ തുറക്കപ്പെടുന്നത് വിശ്വാസികളായ നമുക്ക് വേണ്ടിയാണ്. അതിലേക്കോടിയടുക്കാനോ, അതിനെ പ്രാപിക്കാനൊ വൃഥാ നമുക്കാകില്ല. അതിന് പ്രവാചക തിരുമേനി(ﷺ) ആചരിച്ച, ശീലിച്ച ചില മാർഗങ്ങളുണ്ട്. അത് വെറും വിശപ്പും ദാഹവും സഹിക്കലല്ല. ഉറക്കവും ദേഹേച്ഛയും ത്യജിക്കലല്ല. ഇവക്കൊന്നും തക്വയുടെ കാമ്പില്ലെങ്കിൽ അല്ലാഹുവിങ്കൽ ഒന്നുമല്ല. വ്രതം സദ്കർമ്മങ്ങൾക്ക് ചോദനയേകണം. ജീവിത്തിലെ വാക്കിലും നോക്കിലും പ്രവർത്തനങ്ങളിലുമുണ്ടാകുന്ന അനാവശ്യങ്ങളെ മാറ്റിനിർത്താൻ കെൽപുണ്ടാക്കണം. 'അനാവശ്യവാക്കുകളും കർമ്മങ്ങളും ഉപേക്ഷിക്കാത്തവന്റെ നോമ്പ് അല്ലാഹുവിനാശ്യമില്ല'[4] എന്ന പ്രവാചകവചനം പഠിക്കുമ്പോൾ നമുക്ക് മനസ്സിലാകുന്നത് അതാണ്.

ആരാധനകളിൽ കൂടുതൽ ആത്മാർഥതയും ഭക്തിയും ശീലിക്കുക. ജീവിതത്തിൽ പലകാരണങ്ങളാൽ അവഗണിക്കപ്പെട്ട് കിടക്കുന്ന സൽകർമ്മങ്ങളെ സജീവമാക്കുക. ഐച്ഛികമായ ആരാധനാകർമ്മങ്ങളുടെ ആത്മാവറിഞ്ഞ് അവയെ ദൈനംദിനചര്യകളിൽ സാധാരണ മാക്കുക. അല്ലാഹുവിനെ വാഴ്ത്തിയും, പ്രകീർത്തിച്ചും നാവും ഹൃദയവും നനവുള്ളതാക്കുക. പാപം നരകഹേതുവാണെന്ന് തിരിച്ച റിഞ്ഞ് പശ്ചാത്തപിക്കുക. പുണ്യം സ്വർഗപ്രവേശനത്തിന് വഴി വെക്കുമെന്ന് ബോധ്യപ്പെട്ട് സൽകർമ്മനിരതരാകുക. എന്നോട് ചോദിക്കൂ ഞാനുത്തരാം നൽകാം എന്ന,

കരുണാമയനായ റബ്ബിന്റെ വാഗ്ദാനത്തിൽ പ്രതീക്ഷയർപ്പിച്ച് പ്രാർഥനയിൽ മുഴുകുക. കുതർക്കക്കാരോടും ആക്ഷേപകരോടും ഞാൻ നോമ്പുകാരനാണ് എന്നു പറഞ്ഞ് മാറിനിൽക്കുക. ദാന ധർമ്മങ്ങൾ കയ്യഴിഞ്ഞു നൽകുന്നതിൽ പ്രവാചകനെ മാതൃകയാക്കുക. റമദാനിന്റെ ചൈതന്യമറിയാൻ സത്യവിശ്വാസികൾക്ക് ഇനിയുമുണ്ട് മാർഗങ്ങൾ.

മാനവരാശിക്ക് സ്വർഗത്തിലേക്ക് മാർഗംകാട്ടാൻ പരമപരിശുദ്ധനായ അല്ലാഹു അവതരിപ്പിച്ച ക്വുർആനിന്റെ മാസമാണിത്. നമ്മെ നമ്മളാക്കിയ ക്വുർആൻ. നമുക്ക് അന്തസ്സും ആഭിജാത്യവും നൽകുന്ന ക്വുർആൻ. സ്വന്തം അധ്വാനം കൊണ്ട് ഒരാൾക്കും നേടാനാകാത്തത്ര, എന്നാൽ ലോകസ്രഷ്ടാവിന്റെ വിശാലമായ കാരുണ്യം കൊണ്ട് മാത്രം നേടാനാകുന്ന ഹിദായത്ത് ഈ വിശുദ്ധ ഗ്രന്ഥത്തിലൂടെയാണ് കരഗതമാകുന്നത്. ഈ സത്യം ക്വുർആൻ തന്നെ പറയുന്നത് ഇങ്ങനെ:

''ജനങ്ങൾക്ക് മാർഗദർശനമായിക്കൊണ്ടും, നേർവഴി കാട്ടുന്നതും സത്യവും അസത്യവും വേർതിരിച്ചു കാണിക്കുന്നതുമായ സുവ്യക്ത തെളിവുകളായിക്കൊണ്ടും വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ട മാസമാകുന്നു റമളാൻ.'' (ബഖറ: 185)[5]

അതിനാൽ റമദാനിലെ നോമ്പുകാരൻ ക്വുർആനുമായി കൂടുതലടുക്കണം. പാരായണം ചെയ്യാൻ, ചിന്തിക്കാൻ, പാഠങ്ങളുൾക്കൊള്ളാൻ, പ്രബോധനം ചെയ്യാൻ ഈ വിശുദ്ധ ഗ്രന്ഥത്തെ ആത്മാർഥമായും ഉപയോഗപ്പെടുത്തണം. റമദാനിന്റെ നാളുകളിൽ ജിബ്രീലി(ﷺ)ന്റെ മുന്നിലിരുന്ന് ക്വുർആനോതിയ റസൂലിന്റെ പ്രിയപ്പെട്ട ഉമ്മത്താണ് നാം. പരലോകത്തുവെച്ച് മഹാനായ പ്രവാചകൻ, ''എന്റെ രക്ഷിതാവേ, തീർച്ചയായും എന്റെ ജനത ഈ ഖുർആനിനെ അഗണ്യമാക്കി തള്ളിക്കളഞ്ഞിരിക്കുന്നു.'' (ഫുർക്വാൻ: 30)[6] എന്ന് പരിഭവം പറയുന്നത് നമ്മെപ്പറ്റിയാകാതിരിക്കാൻ കൂടുതൽ ശ്രദ്ധിക്കണം. ക്വർആനുമായി സ്ഥിരബന്ധം സ്ഥാപിക്കലല്ലാതെ അതിന് കുറുക്കു വഴികളില്ല.

വരാനിരിക്കുന്ന ജീവിതനാളുകൾക്ക് മംഗളം പറയുന്നതാകട്ടെ നമ്മുടെ റമദാൻ. പാപമോചനത്തിന്റെ വാതിലുകൾ തുറക്കപ്പെട്ടിരിക്കുന്നു. ഹൃദയം തുറന്നു കരയാനാകുമെങ്കിൽ ആ വാതിലുകളടയും മുമ്പെ നമുക്ക് വിശുദ്ധരാകാം, സൽകർമ്മികളാകാം, അല്ലാഹുവിന്റെ അളവറ്റ കാരുണ്യത്തിന് അർഹരാകാം; ഇൻശാ അല്ലാഹ്. നിങ്ങൾ കേൾക്കുന്നില്ലേ ഈ വിളിയാളം: ''നന്മയോട് കൊതിയുള്ളവരേ നിങ്ങൾക്ക് സ്വാഗതം!''

1–وروى الترمذي وصححه الألباني رحمه الله أنه صلى الله عليه وسلم قال: " إِذَا كَانَ أَوَّلُ لَيْلَةٍ مِنْ شَهْرِ رَمَضَانَ ... وَيُنَادِي مُنَادٍ يَا بَاغِيَ الْخَيْرِ أَقْبِلْ وَيَا بَاغِيَ الشَّرِّ أَقْصِرْ "

2–وفي الصحيحين عن أبي هريرة – رضي الله عنه – قال : قال رسول الله صلى الله عليه وسلم :

" قال الله تعالي : كل عمل ابن آدم له إلا الصوم فإنه لي وأنا أجزي به "

3–وفي الصحيحين من حديث أبي هريرة أن رسول الله صلى الله عليه وسلم قال: " من صام رمضان إيماناً واحتساباً غفر له ما تقدم من ذنبه."

4–وعن أبي هريرة –رضي الله عنه– قال: قال رسول الله –صلى الله عليه وسلم–: " من لم يدع قول الزور، والعمل به والجهل، فليس لله حاجة أن يدع شرابه وطعامه رواه البخاري، وأبو داود، واللفظ له.

5–شَهْرُ رَمَضَانَ الَّذِيَ أُنزِلَ فِيهِ الْقُرْآنُ هُدًى لِّلنَّاسِ وَبَيِّنَاتٍ مِّنَ الْهُدَى وَالْفُرْقَانِ (البقرة: 185)

6–وَقَالَ الرَّسُولُ يَا رَبِّ إِنَّ قَوْمِي اتَّخَذُوا هَذَا الْقُرْآنَ مَهْجُورًا (الفرقان: 30)

وصلّى الله على محمد وآله وصحبه وسلّم

*******************